ഇതുവരെ കണ്ടെത്താൻപോലും കഴിഞ്ഞിട്ടില്ല. അവർക്കുവേണ്ടി തിരച്ചിൽ നടത്താൻ ബന്ധപ്പെട്ട അധികാരികളെ സമീപിച്ചുവെങ്കിലും അതിന് നിയുക്തരായ ഉദ്യോഗസ്ഥൻമാരോ പോർട്ടധികൃതരോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ 2 പേരെ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. അവരുടെ മൃതദേഹംപോലും കിട്ടിയിട്ടില്ല. പരിക്കു പറ്റിയവർക്ക് വൈദ്യസഹായം കിട്ടിയിട്ടില്ല. തോണികളും മെഷീനും വലയും പാടെ തകർന്നുപോയി. അതിനെല്ലാം അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. അതുപോലെതന്നെ കാണാതായവരുടെ മൃതദേഹമെങ്കിലും കണ്ടെത്താനുള്ള ശക്തമായ തിരച്ചിൽ നടപടികളും സ്വീകരിക്കണം. കാണാതായ രണ്ടു പേരുടെ കുടുംബത്തിന് നിയമാനുസൃതമുള്ള നഷ്ടപരിഹാരം കൊടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഫീഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): 17–6–1986-ൽ ചാലിയം കടപ്പുറത്തുനിന്ന് എഞ്ചിൻ ഘടിപ്പിച്ച വള്ളത്തിൽ മീൻ പിടിക്കാൻപോയ 2 പേരെ കാണാതായിട്ടുണ്ട്. അന്ന് 8 വള്ളങ്ങളാ പോയതിൽ 10 പേർ ഉണ്ടായിരുന്നു. കടൽക്ഷോഭത്തിൽപെട്ട് 6 വള്ളങ്ങളാ മുങ്ങിപ്പോയി. 8 പേർ തിരിച്ചുവന്നു. സംഭവം അറിഞ്ഞയുടനെ കോഴിക്കോട് പോർട്ടാഫീസർ തീവ്രമായ അന്വേഷണം നടത്തി. ത്രിശൂൽ എന്ന നാവിക കപ്പലും 2 ഹെലിക്കോപ്റ്ററുകളും ജീവൻരക്ഷകൻ എന്ന ടഗ്ഗും അതിവിപുലമായ അന്വേഷണം നടത്തി. കാണാതായ മൽസ്യത്തൊഴിലാളികളെപ്പറ്റി ഇപ്പോഴും വിവരമൊന്നും ലഭിച്ചിട്ടില്ല. 19 വയസ്സുള്ള അരയൻ വളപ്പിൽ ഉമ്മർ, 35 വയസ്സുള്ള കിഴക്കേത്തലയ്ക്കൽ മുഹമ്മദാലി എന്നിവരെയാണ് കാണാതായത്. അവരുടെ ബന്ധുക്കൾക്ക് 2,000 രൂപ വീതം മൽസ്യഫെഡ്ഡിൽനിന്ന് അടിയന്തിര സഹായം നൽകിക്കഴിഞ്ഞു. നാശനഷ്ടം സംഭവിച്ച വള്ളങ്ങൾക്കും മറ്റ് ഉപകരണങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനുള്ള അടിയന്തിര നടപടികളും ആരംഭിച്ചിട്ടുണ്ട്. കടൽ ക്ഷോഭിച്ചിരിക്കുകയാണെന്ന് ഫിഷറീസ് വകുപ്പ് ആകാശവാണിയിലൂടെ മുന്നറിയിപ്പ് നൽകിയിരുന്നു. നിർഭാഗ്യവശാൽ അപകടസാദ്ധ്യതയുണ്ടെന്നുള്ള ആ മുന്നറിയിപ്പ് വകവയ്ക്കാതെയാണ് ഈ മൽസ്യത്തൊഴിലാളികളും കടലിൽപ്പോയത്. ഇത്തരം അപകടങ്ങളും ഉണ്ടാവുന്ന അവസരങ്ങളിൽ ഫിഷറീസ്, പോർട്ട്, പോലീസ്, റവന്യൂ, ഫയർ ഫോഴ്സ്, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, ഇൻഡ്യൻനേവി, കോസ്റ്റ് ഗാർഡ് ഇവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് അടിയന്തിരമായ രക്ഷാ നടപടികളും കൈക്കൊള്ളാറുണ്ട്. ജില്ലാ കളക്ടറാണ് അതിന്റെ നേതൃത്വം വഹിക്കുന്നത്. ഓരോ ഉദ്യോഗസ്ഥനും അവരുടെ ചുമതലകളും നിർവ്വഹിക്കണമെന്നുള്ളതിന് സീ റസ്ക്യൂ മാനുവൽ തന്നെയുണ്ട്. ഇങ്ങനെ രക്ഷാ നടപടികളും കൈക്കൊള്ളുന്നതിന് സദാ ജാഗ്രത പുലർത്തുന്നതിനുള്ള എല്ലാ സംവിധാനവുമുണ്ട്.

(4) പയ്യന്നൂരിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ

ശ്രീ. എം.വി. രാഘവൻ: സർ, എന്റെ നിയോജകമണ്ഡലമായ പയ്യന്നൂർ ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ആരംഭിക്കാൻ തീരുമാനിക്കുകയും അതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറേയും മറ്റു സ്റ്റാഫിനേയും നിശ്ചയിക്കുകയും ചെയ്തു. അവിടെ ഓഫീസ് ആരംഭിക്കാൻ തീരുമാനിച്ചത് ഗവൺമെന്റ് നിറുത്തിവയ്ക്കാൻ നിർദ്ദേശിച്ചതായാണ് അറിഞ്ഞത്. എന്നാലിപ്പോൾ, ഈ ഇലക്ട്രിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഡിവിഷൻകൊണ്ട് കണ്ണൂർ, കാസർകോഡ് പ്രദേശങ്ങൾക്കുകൂടി പ്രയോജനമുള്ളതുകൊണ്ട് ഇതിന്റെ ആസ്ഥാനം അവിടെനിന്നു മാറാൻ പോകുന്നതായി അറിയുന്നു. ഇതിന്റെ ആസ്ഥാനം പയ്യന്നൂർ തന്നെയായിരിക്കുമെന്നു സമ്മതിച്ചതും എക്സിക്യൂട്ടീവ് എഞ്ചിനീയറേയും സ്റ്റാഫിനേയുംവരെ നിശ്ചയിച്ചതുമാണ്. അതിനുപുറമേ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമെല്ലാം ഇപ്പോൾ പറയുന്നത് അനുസരിച്ചുതന്നെ നേവൽ അക്കാഡമി പയ്യന്നൂർ ആയതുകൊണ്ട് അതിന്റെ പ്രാധാന്യവും പയ്യന്നൂരിനുണ്ട്. അതുകൊണ്ട് ഈ ഇലക്ട്രിക്കൽ ഡിവിഷൻ പയ്യന്നൂരു തന്നെ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

വിദ്യുച്ഛക്തി വകുപ്പു് മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, കണ്ണൂർ ഡിവിഷൻ ബൈഫർക്കേറ്റ് ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ഇലക്ട്രിസിറ്റി ബോർഡ് പരിഗണിക്കുകയും ഒരു ഓഫീസ് വേണമെന്നു തീരുമാനിക്കുകയും ചെയ്തു. പക്ഷേ ശ്രീ. രാഘവൻ പറഞ്ഞതുപോലെ സ്റ്റാഫിനെയൊന്നും നിയമിച്ചിട്ടില്ല. കെട്ടിടവും എടുത്തിട്ടില്ല. 3 നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഒരാഫീസാണ്. ശ്രീ. രാഘവന്റെ പയ്യന്നൂർ നിയോജകമണ്ഡലവും ശ്രീ. മൂസ്സാൻകുട്ടിയുടെ തളിപ്പറമ്പു നിയോജകമണ്ഡലവും ശ്രീ. കെ.സി. ജോസഫിന്റെ ഇരിക്കൂർ നിയോജകമണ്ഡലവുമാണവ. ശ്രീ. കെ. സി. ജോസഫും മൂസ്സാൻകുട്ടിയും ഇതിന്റെ ആസ്ഥാനം തളിപ്പറമ്പിൽതന്നെ ആയിരിക്കണമെന്ന് എഴുതിത്തരുകയും നിർബന്ധപൂർവ്വം ആവശ്യപ്പെടുകയും ചെയ്തിരിക്കുകയാണ്. ഇവർക്ക് മൂന്നുപേർക്കും യോജിപ്പുള്ള ഏതു സ്ഥലത്ത് ഓഫീസ് സ്ഥാപിക്കുന്നതിനും ഗവൺമെന്റിന് വിരോധമില്ല. താലൂക്ക് ഹെഡ്കാർട്ടേഴ്സിന്റെ ആസ്ഥാനം തളിപ്പറമ്പായതുകൊണ്ട് അവിടെ സ്ഥാപിക്കണമെന്നാണ് അവരുടെ പ്രധാനമായ ആവശ്യം. ആ ഭാഗത്തെ ആളുകൾക്കാണ് ഇതുകൊണ്ട് കൂടുതൽ പ്രയോജനം ഉണ്ടാകുന്നതെന്നൊരു അഭിപ്രായവുമുണ്ട്. ഏതായാലും ഓഫീസ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കണമെന്നു ബന്ധപ്പെട്ട എം.എൽ.എ. മാരെ വിളിച്ചുകൂട്ടി ആലോചിച്ചതിനുശേഷം ഗവൺമെന്റ് ഒരു തീരുമാനം എടുത്ത് ആഫീസ് ആരംഭിക്കുന്നതാണ്.

(5) കാസർകോട്ടെ കടലാക്രമണം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർകോട് മേഖലയിലെ കടൽത്തീരങ്ങളിൽ ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധത്തിലുള്ള കടൽക്ഷോഭം ഉണ്ടായിരിക്കുകയാണ്. ആയിരക്കണക്കിനു തെങ്ങുകളും നൂറുകണക്കിന് വീടുകളും കടലാക്രമണംമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. കാസർകോട് മേഖലയിലെ വളരെ ഗുരുതരമായ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുകയാണ്. ആ പ്രദേശത്തെ റെയിൽവേ ലൈനിനുപോലും കടലാക്രമണംമൂലം ഭീഷണിയുണ്ടായിരിക്കുകയാണ്. സീവാൾ കെട്ടുക, കടലാക്രമണത്തിനിരയായവരെ പുനരധിവസിപ്പിക്കുക, അവർക്ക് സൗജന്യറേഷൻ കൊടുക്കുകതുടങ്ങിയ പ്രവർത്തനങ്ങൾ അർഹിക്കുന്നത്ര ഗൗരവത്തോടുകൂടിതന്നെ ഉടനടി ചെയ്യണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെടുകയാണ്.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഇതുപോലുള്ള 4 സബ്മിഷനുകൾ 4 എം.എൽ.എ. മാർ അവതരിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly